CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ALL KERALA MARIAN CONVENTION

## ERNAKULAM

## MAY 13 – 15, 1988

# CONCELEBRATED MASS

(Syro Malabar Rite)

## SATURDAY MAY 14, 3 p.m.




## ST. ALBERT'S HIGH SCHOOL CAMPUS

ERNAKULAM

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# സമൂഹബലി ഗാനങ്ങൾ

1. അനുപമബലി

   ഗാനം : ഡോ. ജോസഫ് ചാഴിക്കാട്ട്

   സംഗീതം : ഫാ. ആന്റണി ഉരുളിയാനിക്കൽ C M I

2. അഖിലലോകനായക } ഫാ. ആബേൽ C M I &
3. പാടുക പാടുക നാം } Late Mr. K. K. ആന്റണി

4. നിൻതിരു സുവിശേഷത്തിൻ

5. ഹൃദയതാലം } ഫാ. ചെറിയാൻ കുനിയന്തോടത്ത് C M I
7. യാഗവേദിയിൽ } & ഫാ. ആന്റണി ഉരുളിയാനിക്കൽ

6. ഓശാന

8. തിരുനാഥാ നിൻ } ഫാ. Z. M. മൂഴൂർ & ഫാ. ആന്റണി ഉരുളിയാനിക്കൽ

9. വാവാ യേശുനാഥാ

10. വിണ്ണിൽ വിരിയും

    ഫാ. ജോസ് കല്ലുകളം & ഫാ. ആന്റണി ഉരുളിയാനിക്കൽ

---

Choir Conducted by : Fr. Joseph Palackal C. M. I.

Convener,
Liturgical Committee : Fr. Sebastian Sankoorikal

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

## 1. അനുപമബലി

അനുപമബലിവീണ്ടും
നമ്മുടെ രക്ഷയ്ക്കായ്
തിരുസുതനേകുന്നു
വരുവിൻ സോദരരെ

അരുതരുതകതാരിൽ
പകയിതു ശുഭസമയം
അനുതാപത്തോടെ
അണയൂ സോദരരെ
(അനുപമ ... ...)

1. കുരിശിൽ കാൽവരിയിൽ
അന്നു ശരീരത്താൽ
അപ്പം വീഞ്ഞിവയാൽ
ഇന്നീ പീഠത്തിൽ
ഇന്നീ പീഠത്തിൽ
(അനുപമ ... ...)

2. നിത്യതയരുളീടും
ബലിയിൽ ചേർന്നീടാൻ
അണയൂ സോദരരെ
ഇതനുരഞ്ജനനിമിഷം
ഇതനുരഞ്ജനനിമിഷം
(അനുപമ ... ...)

## 2. അഖിലലോകനായക

അഖിലലോകനായകാ
വാഴ്ത്തിടുന്നു ഞങ്ങൾ
ഈശോ നാഥാ
പുകഴ്ത്തിടുന്നു ഞങ്ങൾ

നീയല്ലോ ശരീരങ്ങൾക്കുയിർപ്പേകുന്നു
നീതന്നെയാത്മാവിനു രക്ഷയേകുന്നു

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

## 3. പാടുക പാടുക നാം

പാടുക പാടുക നാം
തിരുഗീതികൾ പാടുക നാം
നിത്യം ജീവിക്കും
സകലേശനെ വാഴ്ത്തുക നാം

സർവ്വേശാ നീ പരിശുദ്ധൻ
ബലവാനേ നീ പരിശുദ്ധൻ
നിത്യനമർത്യൻ പരിശുദ്ധൻ
നിൻകൃപ ഞങ്ങൾക്കേകണമേ

## 4. നിൻതിരു സുവിശേഷത്തിൻ

നിൻ തിരു സുവിശേഷത്തിൻ
ചൈതന്യം ദർശിക്കുവാൻ
ഇന്നെന്റെ ഉൾക്കണ്ണുകൾ നീ
സദയം തുറക്കണേ

അല്ലേലൂയാ ... ... ആമ്മേൻ

## 5. ഹൃദയതാലം

ഹൃദയതാലമേന്തി നാഥാ
വന്നിടുന്നു സന്നിധേ
കാഴ്ചയായി നിന്റെ മുന്നിൽ
നിന്നിടുന്നു സാദരം

ഹൃദയതാല .........

1 പൂർണ്ണമായി നൽകിടുന്നു
ഭക്തിയാർന്നു ഞങ്ങളെ
നന്മപൂർണ്ണ പാലക ഇ–
ന്നേകണേ നിൻ ദർശനം

ഹൃദയതാല .........

2 ഞങ്ങളിൽ പ്രസാദമാർന്നു
ദിവ്യദാനമായി നീ
സ്നേഹമാർന്നു കൈകൾ നീട്ടി
സ്വീകരിക്ക കാഴ്ചകൾ ഹൃദയതാല .........

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

## 6. ഓശാന

ഓശാന ഈശന്നു സതതം
ഓശാന, ഓശാന, ഓശാന

1 പരിശുദ്ധൻ — 2 പരമശക്തൻ
നിരന്തരം മുഴങ്ങുന്നു വാനിലേവം
ഇഹപരമഖിലവുമഖിലേശ്വരാ
മഹിമയാൽ നിറയുന്നു നിരുപമമേ

2 അഴകെഴുമംബരസീമകളും
ആഴികളും ചുഴുമീ ഭൂതലവും
മാമലയാറുകൾ മാമരങ്ങൾ
പ്രിയങ്കരം പാടുന്നു സംഗീതങ്ങൾ

## 7. യാഗവേദിയിൽ

യാഗവേദിയിൽ സ്നേഹനാളമായ്
യേശുനായകാ വന്നു നീ
മാനസങ്ങളിൽ വാസമാകുവാൻ
സ്വർഗ്ഗഭോജ്യമായ് തീർന്നു നീ

1 ജീവനേകുവാൻ അപ്പമായി നീ
ഭൂവിനേകി നിൻ രക്തവും
നിത്യജീവിതം കാത്തിടുന്നിവർ
സത്യമാർഗ്ഗമായ് തീർന്നു നീ
സത്യമാർഗ്ഗമായ് തീർന്നു നീ
യാഗവേദിയിൽ .........

2 ഭക്തിസാന്ദ്രമാം ധന്യവേളയിൽ
മുക്തിദായകാ വന്നു നീ
സ്നേഹപൂർണ്ണമാം ശാന്തിഭോജനം
ലോകരക്ഷകാ തന്നു നീ
ലോകരക്ഷകാ തന്നു നീ
യാഗവേദിയിൽ .........

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



## 8. തിരുനാഥാ നിൻ

തിരുനാഥാ നിൻ സവിധത്തിൽ
മരുവീടുന്നു നിൻ തനയർ
പൊൽക്കരവല്ലികളാലിവരെ
പരിപാലിക്കുക സകലേശാ

1 വേലകളും വേദനയെല്ലാം നിൻ
വേദിയിൽ ഞങ്ങൾ സമർപ്പിച്ചു
അകതാരിൽ കൃപതൂകണമെ
ആശിസ്സു നൽകി നയിക്കണമെ

2 അഹിതം ചെയ്യാതനുനിമിഷം
അവികലമാം നിൻ കല്പനകൾ
നിറവേററാൻ നീ കനിയണമെ
നീതിയിലെന്നെ നയിക്കണമെ

3 അവശക്താത്മബലം നൽകി
സഹജരിലലിവിൻ കണമേകി
നിൻതിരു മാതൃക പിൻതുടരാൻ
നാഥാ നീ വരമേകണമെ

## 9. വാവാ യേശുനാഥ

1 വാവാ യേശുനാഥ വാവാ സ്നേഹനാഥ
ഹായെൻ ഹൃദയം തേടിടും സ്നേഹമേ നീ – വാ
2 നീയെൻ പ്രാണനാഥൻ നീയെൻ സ്നേഹരാജൻ
നിന്നിലെല്ലാമെൻ ജീവനും സ്നേഹവുമേ – വാ
3 പാരിലില്ലിതുപോൽ, വാനിലില്ലിതുപോൽ
നീയൊഴിഞ്ഞുള്ളോരാനന്ദം ചിന്തിച്ചീടാൻ – വാ
4 പൂക്കൾക്കില്ല പ്രഭ, തേൻ മധുരമല്ല
നീ വരുമ്പോഴെന്നാനന്ദം വർണ്ണ്യമല്ല – വാ
5 വേണ്ട പോകരുതെ, നാഥാ നില്ക്കണമേ
തീർത്തുകൊള്ളാം ഞാൻ നല്ലൊരു പൂമണ്ഡപം – വാ
6 ആധിചേരുകില്ല, വ്യാധിനോവുകില്ല
നീയരികിലെന്നാലെനിക്കാശ്വാസമേ - വാ

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## 10. വിണ്ണിൽ വിരിയും

വിണ്ണിൽ വിരിയും താരകപോലെ
മന്നിൽ വിടരും പൂവിതൾപോലെ
ദാവീദിൻ പൂവനിയിൽ പൂത്തൊരു
നിർമ്മലമലരാം മരിയാംബേ

1 ദൈവകുമാരനു മാതാവായ് നീ
ദൈവജനത്തിനു ജനനിയുമായ്
നന്മനിറഞ്ഞൊരു കന്യാംബികയെ
നന്മകൾ പകരു ഞങ്ങൾക്കെന്നും

2 എളിയ ജനത്തിനു സർവ്വേശ്വരനായ്
താതൻ നല്കുന്ന നന്മകളെന്നും
ഞങ്ങൾ നിതരാം നേടാനായ് നീ
പ്രാർത്ഥിക്കണമെ, അമ്മെ ധന്യേ

## സങ്കീർത്തനം 113

കർത്താവിൻെറ ഭക്തരേ, കർത്താവിനെ സ്തുതിക്കുവിൻ
അവിടുത്തെ നാമം പ്രകീർത്തിക്കുവിൻ

സൂര്യോദയം മുതൽ അസ്തമയംവരെ
അവിടുത്തെ നാമം പുകഴ്ത്തപ്പെടട്ടെ

കർത്താവ് എല്ലാ ജനതകളേക്കാളും ശക്തനാകുന്നു
അവിടുത്തെ മഹത്വം ആകാശത്തെക്കാൾ ഉന്നതമാകുന്നു

ദൈവമായ കർത്താവിനു് സമനായി ആരുണ്ട്?
അവിടുന്നു ഉന്നതത്തിലിരുന്നുകൊണ്ടു്
ആകാശത്തേയും ഭൂമിയേയും കടാക്ഷിക്കുന്നു

എളിയവനെ പൊടിയിൽനിന്നുയർത്തുന്നു
ദരിദ്രരെ കുഴിയിൽനിന്നു കയററി
പ്രഭുക്കന്മാരോടുകൂടെ ഇരുത്തുന്നു

മക്കളില്ലാത്ത കുടുംബിനിക്കു പാർപ്പിടം നല്കുന്നു
കുഞ്ഞുങ്ങളെ നൽകി അവളുടെ ഹൃദയം കുളിർപ്പിക്കുന്നു

## ഓനീസാ ദ്‌റാസേ

പുരോ: ഞാൻ നിനക്കു സ്തുതിയുടെ ബലികളർപ്പിക്കും
(സങ്കീ: 115)

സമൂ: കർത്താവായ ദൈവമേ, അങ്ങയെ പ്രീതിപ്പെടുത്തിയ കന്യകാമറിയത്തിനു് അങ്ങു നല്കിയ ദാനങ്ങളെപ്രതി ഞങ്ങളങ്ങേയ്ക്കു നന്ദി പറയുകയും കൃതജ്ഞതാബലികളർപ്പിക്കുകയും ചെയ്യുന്നു.

## ഓനീസാ ദ്‌വേമ്മാ

സമൂ: അത്യുന്നതനായിരിക്കെ സ്വയം വിനീതനാക്കി കന്യകാമറിയത്തിൽനിന്നു് അവിടുന്നു മനുഷ്യസ്വഭാവം സ്വീകരിച്ചു; അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യങ്ങളിൽ തന്റെ ശരീരരക്തങ്ങൾ നമുക്കു നല്കുകയും ചെയ്തു. ആകയാൽ സ്വർഗ്ഗീയഗണങ്ങളോടു ചേർന്നു നമുക്കും അവിടുത്തെ പാടിപ്പുകഴ്ത്താം.

## ഓനീസാ ദ്‌വാത്തേ

ശുശ്രൂ: സഹോദരരേ വരുവിൻ, കന്യകാമറിയത്തിൽനിന്നു പിറന്ന ദിവ്യകുഞ്ഞാടിന്റെ ശരീരരക്തങ്ങൾ ഭക്ത്യാദരപൂർവ്വം നമുക്കു സ്വീകരിക്കാം.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA